കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നടത്തറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 1115/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടത്തറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 9) 1115/2021 തീയ്യതി: 16/03/2022

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2020 മുതൽ 30-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ബിന്ദു എസ് നായർ	ഡെപ്യൂട്ടി ഡയറക്ടർ	14-07-2021	28-07-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-07-2021	28-07-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷോബി വി പി,ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ഷാജു തോമസ്,ഓഡിറ്റ് ഓഫീസർ (14.07.21 മുതൽ 22.07.21 FN വരെ)
വിദ്യ വിക്രമൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ
സദാനന്ദൻ പി ജി,ഓഡിറ്റ് ഓഫീസർ (22.07.21 FN മുതൽ 28.07.21 വരെ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ.പി ആർ രജിത്ത്	പ്രസിഡന്റ്	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശോഭിനി കെ എസ്	സെക്രട്ടറി(അധിക ച്ചുമതല)	01-04-2019	24-04-2019
കെ പി അനിൽ	സെക്രട്ടറി	25-04-2019	08-12-2019
ശോഭിനി കെ എസ്	സെക്രട്ടറി(അധിക ച്ചുമതല)	09-12-2019	25-12-2019
കെ പി അനിൽ	സെക്രട്ടറി	26-12-2019	31-03-2020
ശോഭിനി കെ എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2019	31-03-2020
റിജോമോൾ ഒ ജെ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2019	31-03-2020
ശ്രുതി പി ഡി	കൃഷി ഓഫീസർ	01-04-2019	31-03-2020
തനൂജ കെ എം	വി ഇ ഒ നടത്തറ സർക്കിൾ	01-04-2019	31-03-2020
രശ്മി ആർ നായർ	വി ഇ ഒ മൂർക്കനിക്കര സർക്കിൾ	01-04-2019	31-03-2020
ഡോ ബിന്ദു ബാലകൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2019	31-03-2020
ഡോ പാർവ്വതി സി എസ്	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2019	03-06-2019
ഡോ ബിന്ദു പി നായർ	മെഡിക്കൽ ഓഫീസർ, ഹോമിയോ	04-06-2019	31-03-2020
ഡോ രാഖി സുകുമാരൻ	മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2019	31-03-2020
ഡോ ഉമേഷ് എസ്	മെഡിക്കൽ ഓഫീസർ, പി എച്ച് സി	01-04-2019	31-03-2020
സിബി നോബിൾ	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2019	31-03-2020
പത്മിനി ടി എസ്	എച്ച്.എം,ജി യു പി എസ്	01-04-2019	31-03-2020

	മൂർക്കനിക്കര		
മഹേഷ് വി സി	ഡയറിഫാം എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020

.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പെൻഷനുകൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വസ്തു നികുതി-സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയില്ല	1-11
12	Rent -Auditorium And Halls -ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.	1-12
13	Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല	1-13
14	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-14
15	ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution" എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല	1-15
16	ഡിപ്രിയിസേഷൻ - വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.	1-16
17	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല	1-17
18	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല	1-18
19	ചട്ടവിരുദ്ധമായി പരമാവധിയിൽ കവിഞ്ഞ തുക എഴുതിത്തള്ളി	1-19
20	ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.	1-20
21	ക്രമവത്ക്കരണം - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്	1-21
22	അനധികൃത നിർമ്മാണം -വസ്തുനികുതി ഈടാക്കേണ്ടതാണ്	1-22
23	ലേല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.	1-23
24	പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ ഷോപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.	1-24
25	ബഡ്ജറ്റ് എസ്റ്റിമേറ്റ് - യഥാർത്ഥ വരവ്/ചെലവ് കണക്കുകളുമായി വലിയ അന്തരം	1-25
26	കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.	1-26

27	KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല	1-27
28	റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.	1-28
29	വ്യക്തിഗത സ്വയംതൊഴിൽ സംരംഭം-മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.	1-29
30	വീട് വാസയോഗ്യമാക്കൽ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.	1-30
31	പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.	1-31
32	കരാറുകാരന് അധിക തുക അനുവദിച്ചു	1-32
33	വനിതകൾക്ക് കറവ പശു വളർത്തൽ പദ്ധതി - സബ്സിഡി നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ല	1-33
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ് പ്രകാരമുള്ള സംഖ്യ	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ
വരവ്	14,05,05,614	17,85,69,067
ചെലവ്	14,12,46,703	17,16,80,166

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, 14.02.2019 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 27.02.2020 തീയതിയിലെ 1(1)-ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2020	29.05.2020

1-3 സാമ്പത്തിക വിശകലനം

-	തുക (രൂപ)
മുന്നിരിപ്പ്	2,57,40,223
ഓഡിറ്റ് വർഷത്തെ വരവ്	6,17,33,856
ആകെ	8,74,74,079
ഓഡിറ്റ് വർഷത്തെ ചെലവ്	6,23,38,343
നീക്കിയിരിപ്പ്	2,51,35,736

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് (ജനറൽ)	ഇല്ല	20377572	20377572	12812092	7565480
വികസനഫണ്ട് (എസ്.സി.പി)	ഇല്ല	6831097	6831097	4108713	2722384
വികസനഫണ്ട് (ടി.എസ്.പി)	ഇല്ല	1204749	1204749	647667	557082
ധനകാര്യകമ്മീഷൻ ഗ്രാന്റ്	ഇല്ല	11048724	11048724	5475501	5573223
മെയിന്റനൻസ് ഗ്രാന്റ് റോഡ്	ഇല്ല	10757000	10757000	643954	10113046
മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്	ഇല്ല	4258000	4258000	2569282	1688718

1-5 പദ്ധതി അവലോകനം

അംഗീകാരംലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
225	105964714	104	43337474	106	15	46.22%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	1032	508035	509067	509067	0

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	11678911	11678911	11678911	0

1-7 ക്ഷേമ പെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	1313400	1112
വിധവാ പെൻഷൻ	4759200	3218
വാർദ്ധക്യകാലപെൻഷൻ	7372500	6256
വികലാംഗപെൻഷൻ	1074700	879
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	673800	519
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	90000	3

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16-07-2021 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7279/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. റജിസ്റ്ററുകളും, വൗച്ചറുകളും മറ്റു രേഖകളും ഏറെക്കുറെ നന്നായി സൂക്ഷിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം ലഭിക്കുന്ന സാഹചര്യത്തിൽ അവരവരുടെ കൈവശമുള്ളതും ചുമതലയിലുള്ളതുമായ രേഖകളും റജിസ്റ്ററുകളും മറ്റും യഥോചിതം ഏൽപ്പിച്ചു പോകുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ACR, പ്രൊക്യുർമെന്റ് റജിസ്റ്റർ, ലോൺ റജിസ്റ്റർ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സ്ഥലം മാറ്റം ലഭിക്കുന്ന സംഗതിയിലും തുടർച്ചയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.

ഫ്രണ്ട് ഓഫീസ് നന്നായി പ്രവർത്തിച്ചു വരുന്നു. വാടക കുടിശ്ശിക അധികരിച്ചു വരുന്നതും ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതും പരിശോധനയിൽ കണ്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	25.12.2020	2020 ഒക്ടോബർ മുതൽ ഡിസംബർ വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	02.12.2020	2015-16 മുതൽ 2019-20 വരെ	04.02.2021

1-11 വസ്തു നികുതി-സഞ്ചയ ഡി.സി.ബി ലഭ്യമാക്കിയില്ല

വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള റസിഡൻഷ്യൽ, നോൺറസിഡൻഷ്യൽ കെട്ടിടങ്ങളുടെ (കറന്റ് -അരിയർ) ഡി.സി.ബി സ്റ്റേറ്റ്മെന്റ് (1/04/2019 - 31/03/2020) സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ഡി.സി.ബി യുമായി താരതമ്യം ചെയ്ത് കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

1-12 Rent -Auditorium And Halls -ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

Rent-Auditorium And Halls എന്ന വരവിനത്തിന്റെ ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ഡി.സി.ബി യുമായി താരതമ്യം ചെയ്ത് കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല.

1-13 Prior Period Items- എൻട്രികളെ സാധൂകരിക്കുന്ന രേഖകൾ ഇല്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31/3/2020ലെ ലെഡ്ജർ ബാക്കി
280100101-Prior Period Income -Property Tax On Residential Buildings	694786
280100105-Prior Period Income-Service Cess On Residential Buildings	66182
280200101-Prior Period Income-Rent From Building	2451
280200401-Prior Period Income-Other Income	(25122)
280800101-Prior Period-Establishment Expenses	(3738)
280800501-Prior Period- Programme Expenses	153000
280800701-Prior Period-Miscellaneous Expences	5950
280600499- Prior Period Expences-Remission And Refund-Other Income	5,500

1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആയത് എത്രയും വേഗം കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-15 ഗ്രാന്റ് ആയി ലഭിച്ച തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution” എന്ന ശീർഷകത്തിലേക്ക് മാറ്റിയില്ല

31/3/2019-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution” എന്ന ഇനത്തിലെ അതേ തുകയാണ് (44850169/-) 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution” എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

1-16 ഡിപ്രിയിസേഷൻ - വർക് ഷീറ്റ്, ജേണൽ വൌച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2019-20 വർഷത്തെ Income And Expenditure പത്രിക പ്രകാരം 5063656/- രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-17 ഡെപോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രോജക്റ്റ്	വൌച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
1	186/20,പോസ്റ്റ് ഷിഫ്ററിങ്ങ്	21901303/8.7.19	100000	251630101-Electricity Line Extension-General	460500501-Advance To Implementing Agencies-Deposit With KSEB
		21901086/17.2.20	26522/-	251630101-Electricity Line Extension-General	
		21900372/15.07.19	21957/- (ടി തുക മാത്രം 460500...-Advance To Implementing Agencies-Deposit With KSEB എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു		
2	160/20-ഫർണസ്സ് സ്ഥാപിക്കൽ-കൊഴുക്കള്ളി ക്രിമറ്റോറിയം	21901294/1.7.2019	Vr .Amount-263251 (200039-Cost Ford, 15803 -IT, 15803-KBOCWWB31606-GST)	263251-Other Constructions	460500402-Advance To Costford

1-18 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്-സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase/ Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 604487/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16916886/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-19 ചട്ടവിരുദ്ധമായി പരമാവധിയിൽ കവിഞ്ഞ തുക എഴുതിത്തള്ളി

2019-20 വാടക ഡിസിബി പ്രകാരം 15,750 രൂപ എഴുതിതള്ളിയിട്ടുണ്ട്. 2017-18 വർഷത്തിൽ പൂച്ചട്ടി ഷോപ്പിങ്ങ് കോംപ്ളക്സിലെ 16-ാം നമ്പർ മുറി ലേലം കൊണ്ട അജിത്ത് എം മാവേലി ലേലത്തുകയുടെ പകുതിത്തുകയായ 785 രൂപ മാത്രം പഞ്ചായത്തിൽ

അടവാക്കുകയും പഞ്ചായത്തുമായി കരാറിൽ ഏർപ്പെടാതെ വാടക കുടിശ്ശിക വരുത്തുകയും ചെയ്തിട്ടുള്ളതാണ്. ലേലത്തുകയുടെ പകുതിത്തുക അടവാക്കിയിട്ടുള്ളതിനാൽ ടിയാന്റെ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് ഓഡിറ്റ് നിർദ്ദേശം നൽകിയിരുന്നു. ആയതു പ്രകാരം നിയമാനുസരണം നടപടി സ്വീകരിക്കാൻ സെക്രട്ടറി പഞ്ചായത്ത് യോഗത്തെ ബോദ്ധ്യപ്പെടുത്തുകയും, 6/2018 ലെ 4/2018 നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി നിയമാനുസരണം നടപടി എടുക്കാൻ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. എന്നാൽ ലേലം കൊണ്ട ആൾ എഗ്രിമെന്റ് വയ്ക്കുകയോ, താക്കോൽ വാങ്ങുകയോ, മുറി ഉപയോഗിക്കുകയോ ചെയ്തിട്ടില്ലായെന്ന് പരിശോധനാ റിപ്പോർട്ടിൽ നിന്നും ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് കമ്മിറ്റിയ്ക്ക് ബോധ്യം വന്നതിനാലും 6 മാസത്തെ വാടക മുൻകൂറായി അടയ്ക്കാനുള്ള 9450 രൂപ വാടകക്കാരന്റെ കൈവശം ഇല്ലായെന്ന് അറിയിച്ചതിനാലും സെക്രട്ടറി നിർദ്ദേശിച്ച പ്രകാരമുള്ള കുടിശ്ശിക തുകയും നിയമനടപടിയും ഒഴിവാക്കുന്നതിനും പഞ്ചായത്ത് തീരുമാനമെടുത്തതായി (13.08.2018 തിയതിയിലെ 24-ാം നമ്പർ തീരുമാനം) ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.9/22.07.21) മറുപടി നൽകിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ചട്ടങ്ങൾ) ചട്ടം 3(3) പ്രകാരം തുക ഈടാക്കാൻ യാതൊരു വിധത്തിലും സാധിക്കുകയില്ലായെന്ന് പഞ്ചായത്തിന് ബോധ്യം വന്നാൽ ഗ്രാമ പഞ്ചായത്തിന് പരമാവധി 1000 രൂപയിൽ കവിയാത്ത തുക മാത്രമാണ് എഴുതിത്തള്ളാൻ തീരുമാനിക്കാവുന്നത്. തുക പരമാവധിയിൽ കൂടുതലാണെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടേയും സർക്കാരിന്റേയും അംഗീകാരം വാങ്ങിയ ശേഷം മാത്രമാണ് പഞ്ചായത്തിന് എഴുതിത്തള്ളാവുന്നത് എന്ന് ടി ചട്ടത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ചട്ട പ്രകാരമുള്ള നടപടി സ്വീകരിക്കാതെയാണ് 2019-20 സാമ്പത്തിക വർഷത്തിൽ വാടക ഡെപ്പോസിറ്റ് 788 രൂപയും വാടക കുടിശ്ശിക 14962 രൂപയുമടക്കം 15750/- രൂപ എഴുതിതള്ളിയത്. ചട്ടപ്രകാരമുള്ള അംഗീകാരം വാങ്ങാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-20 ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

നിലവിൽ പഞ്ചായത്ത് ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി പരിപാലിക്കുന്നില്ല. ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ ട്രേഡേഴ്സ് തൊഴിൽ നികുതി ഈടാക്കുന്നത് രേഖപ്പെടുത്തിയിട്ടുള്ളത്. ട്രേഡേഴ്സ് തൊഴിൽ നികുതി രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-21 ക്രമവത്ക്കരണം - രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

2019-20 ൽ പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix J Form ൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും അപ്പന്റിക്സ് -I ലെ മാതൃകയിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. പ്രസ്തുത രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

1-22 അനധികൃത നിർമ്മാണം -വസ്തുനികുതി ഈടാക്കേണ്ടതാണ്

1. ശ്രീ. ഷനോജ് കുമാർ, മനക്കപ്പടി എന്നയാൾ നിലവിലുള്ള 66.76m2 കെട്ടിടത്തിനു മുകളിൽ 35.25m2 അധികം പണിയുന്നതിനായി 26.9.2019 ന് പെർമ്മിറ്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 7.11.2019 ലെ ഓവർസീയറുടെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം പെർമ്മിറ്റില്ലാതെ തന്നെ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും നിലവിലുള്ള കെട്ടിടത്തിനു മുകളിൽ പണിതത് നിയമപ്രകാരമാണെങ്കിൽ റഗുലറൈസ് ചെയ്യേണ്ടതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 12.11.2019ലെ നമ്പർ A7-6621/19 കത്ത് പ്രകാരം നിർമാണം പൂർത്തീകരിച്ചതിനനുസൃതമായ സൈറ്റ് പ്ലാൻ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 AA, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 എന്നിവ പ്രകാരം അനധികൃത നിർമാണം ക്രമവത്ക്കരിക്കുന്നത് വരെയോ പൊളിച്ച് മാറ്റുന്നത് വരെയോ കെട്ടിടം പൂർത്തീകരിക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്ത തീയതി മുതൽ നിയമാനുസൃതം നിർമിച്ചതാണെങ്കിൽ ഈടാക്കാമായിരുന്ന വസ്തു നികുതിയും അതിന്റെ 2 ഇരട്ടി വസ്തു നികുതിയും ഈടാക്കാവുന്നതാണ്. ആയത് ഈടാക്കിയിട്ടില്ല. കെട്ടിടം പൂർത്തീകരിക്കുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്ത തീയതി മുതലുള്ള മേൽ പ്രകാരം വസ്തുനികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-23 ലേല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

16.07.2019 തിയതിയിലെ അജണ്ട 4 തീരുമാനം 1 പ്രകാരം താഴെ ചേർത്തിരിക്കും പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വെ റിപ്പോർട്ട് ലഭ്യമാക്കിയ കെട്ടിട ഭാഗങ്ങൾ ലേലം ചെയ്യുന്നതിനുള്ള തീരുമാനമെടുത്തിരുന്നു.

	വാല്യുവേഷൻ തുക (രൂപ)
Dismantling Damaged Roof Of Panchayath Shopping Complex At Poochatty	13700
Dismantling Of Old Damaged Class Room Roof Of GUPS Asarikkad	9774

Dismantling Of Old Damaged Materials In Gramapanchayath Office Building	13927

5.10.2019 ന നടത്തിയ ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ 24.10.2019 ലെ 4(1) നമ്പർ തീരുമാന പ്രകാരം 20% കുറവു ചെയ്ത് പുനർലേലം ചെയ്യുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിരുന്നുവെന്നും എന്നാൽ പുനർലേലം ചെയ്യുന്നതിന് സാധിച്ചിട്ടില്ലായെന്നും ടി വസ്തുക്കൾ ലേലം ചെയ്യുന്നതാണെന്നും ഓഡിറ്റ് അന്വേഷണത്തിന (എൻക്വയറി നമ്പർ 12/22.07.21) മറുപടി നൽകിയിട്ടുണ്ട്. ലേല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-24 പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലെ ഷോപ്പുകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പൂച്ചട്ടി ഷോപ്പിങ്ങ് കോംപ്ലക്സിലെ 21 മുറികളിൽ 20 മുറികളും, നടത്തറ ഷോപ്പിങ്ങ് കോംപ്ലക്സിലെ എല്ലാ മുറികളും (7 മുറികൾ), വനിതാ കൈത്തൊഴിൽ വിപണന കേന്ദ്രത്തിലെ 19 മുറികളിൽ 15 മുറികളും വാടകയ്ക്കു നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരം പൂച്ചട്ടി ഷോപ്പിങ്ങ് കോംപ്ലക്സിലെ 15, 16 റൂമുകൾ ഒഴികെയുള്ള മറ്റു മുറികൾ, നടത്തറ ഷോപ്പിങ്ങ് കോംപ്ലക്സിലെ എല്ലാ മുറികളും, വനിതാ കൈത്തൊഴിൽ വിപണന കേന്ദ്രത്തിലെ റൂം നമ്പർ 3, 7, 13, 14 (3, 13, 14 എന്നീ മുറികളിൽ യഥാക്രമം കുടുംബശ്രീ, MGNREGS ഓഫീസ്, അങ്കണവാടി എന്നിവ പ്രവർത്തിക്കുന്നു) എന്നിവ ഒഴികെയുള്ള മറ്റു റൂമുകളും വാടകയ്ക്കു നൽകിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ നടത്തറ ഷോപ്പിങ്ങ് കോംപ്ലക്സിലെ റൂം നമ്പർ 23, 24, 25 എന്നീ ഷോപ്പുകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉറപ്പു വരുത്തേണ്ടതാണ്.

1-25 ബഡ്ജറ്റ് എസ്റ്റിമേറ്റ് - യഥാർത്ഥ വരവു/ചെലവു കണക്കുകളുമായി വലിയ അന്തരം

ഓഡിറ്റ് വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 14-2-19 ലെ 1(1) തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ 7-2-19 ലെ 1-ാം നം. തീരുമാന പ്രകാരമാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

(I) യഥാർത്ഥ വരവു/ചെലവു കണക്കുകളും ബഡ്ജറ്റ് എസ്റ്റിമേറ്റും തമ്മിൽ താഴെ ചേർക്കുന്നതു പ്രകാരം വലിയ വ്യത്യാസമുള്ളതായി പരിശോധനയിൽ കണ്ടു.

ഇനം	ബഡ്ജറ്റ് എസ്റ്റിമേറ്റ് സംഖ്യ	റിവൈസ്ഡ് എസ്റ്റിമേറ്റ് സംഖ്യ	യഥാർത്ഥ സംഖ്യ
വരവ്	14,05,05,614	17,85,69,067	8,92,04,402
ചെലവ്	14,12,46,703	17,1680,166	9,09,47,421

(II) സ.ഉ (ആർ.റ്റി) നം.3291 / 16 തി 2-12-16 പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകളിന്മേൽ മാസാന്ത്യ വർഷാന്ത്യ അവലോകനം നടത്തിയിട്ടില്ല.

(III) കേരള പഞ്ചായത്ത് നിയമം 214(7) ആവശ്യപ്പെടുന്നതു പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകിയിട്ടില്ല.

മേൽപ്രകാരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-26 കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 16-7-21)

റോഡു പ്രവൃത്തികളുമായി ബന്ധപ്പെട്ട് ബിറ്റുമിൻ ഉപയോഗിച്ചുള്ള സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുന്ന എസ്റ്റിമേറ്റുകളിൽ പാക്ക്ഡ് ബിറ്റുമിൻ വിലയാണ് ചേർത്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ കാലി ബാരലിന് 238+18% GST ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ഇപ്രകാരം ചെയ്തിട്ടില്ല. ബിറ്റുമിൻ ഉപയോഗിച്ച് നടത്തിയ റോഡ് പ്രവൃത്തികളിൽ കാലി ബാരലിന്റെ വില കണക്കാക്കി ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത തുക പ്രവൃത്തിക്കു വേണ്ടി ചെലവു ചെയ്ത ശീർഷകത്തിൽ അടവാക്കേണ്ടതും വിവരം ഓഡിറ്റിന് യഥാസമയം നൽകേണ്ടതുമാണ്.

1-27 KCWWF റിക്കവറി കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല

(ഓഡിറ്റ് എൻക്വയറി നം. 2 തിയ്യതി 16-7-21)

1996 ലെ ബിൽഡിങ് & അദർ കൺസ്ട്രക്ഷൻ വെൽഫയർ സെസ്സ് ആക്ട് (സെൻട്രൽ ആക്ട്) വകുപ്പുകൾ 3 (1), (2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ൽ കുറയാത്ത തുക KCWWF ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3 (3) പ്രകാരം ഇപ്രകാരം വസൂലാക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജിനത്തിൽ അതത് ത.സ്വ.ഭ സ്ഥാപനത്തിന് ഈടാക്കാവുന്നതുമാണ്. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല. ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-28 റോഡു പ്രവൃത്തികൾക്ക് 5% ന പകരം 10% ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചിരിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 4 തിയ്യതി 16-7-21)

സ.ഉ. (എം.എസ്)നം.74/14/എൽ.എസ്.ജി.ഡി തീ.7-5-14 പ്രകാരം ഓവർഹെഡ് ചാർജ്ജസ് 5% നിരക്കിലാണ് അനുവദനീയമായിട്ടുള്ളത്. PRICE സോഫ്റ്റ് വെയറിൽ 10% നിരക്കിലാണ് ഓവർഹെഡ് ചാർജ്ജസ് അനുവദിച്ചു വരുന്നത് ഈയിനത്തിൽ കരാറുകാർക്ക് അധിക തുക ലഭിച്ചുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ആയത് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുണ്ടെന്ന മറുപടി അസി.എഞ്ചിനീയർ നല്കി. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 വ്യക്തിഗത സ്വയംതൊഴിൽ സംരംഭം-മാർഗ്ഗരേഖ പാലിക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.

പ്രൊ.നം 86/20 വ്യക്തിഗത സ്വയംതൊഴിൽ സംരംഭം (വനിത) പദ്ധതി പ്രകാരം പഞ്ചായത്തിലെ ഷമ്മികുമാരി, ഐനിക്കാട്ടിൽ എന്നിവർക്ക് 2019-20 ൽ തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് വായ്പാധിഷ്ഠിത ബാക്കെന്റ് സബ്സിഡിയായി 50000/- രൂപ (ബിൽ നം. 23/19-20 തുക 34125/- രൂപ തീയതി 25.3.20, ബിൽ നം25/19-20 തുക 15875/- രൂപ തീയതി 25.3.20) നല്കിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട വ്യക്തികൾക്ക് വായ്പാധിഷ്ഠിത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗരേഖയ്ക്കനുസരിച്ച് സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി വായ്പയനുവദിച്ച ബാങ്കിന് കൈമാറി വായ്പാതിരിച്ചടവ് ക്രമീകരിക്കുകയെന്നതാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

* തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിക്കാൻ സമ്മതമാണെന്നുമുള്ള നടത്തറ പഞ്ചായത്ത് വനിത സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് സബ്സിഡി തുക ബാങ്കിന് കൈമാറിയിട്ടുള്ളത്.
*ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം, സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയല്ല സബ്സിഡി തുക ബാങ്കിന് കൈമാറിയിരിക്കുന്നത്.

പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിക്ക് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ലോൺ നമ്പർ, വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ) ബാങ്ക് ലഭ്യമാക്കുന്ന മുറയ്ക്ക്, ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെ സബ്സിഡി തുക ബാങ്കിന് കൈമാറുകയും, സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

1-30 വീട് വാസയോഗ്യമാക്കൽ - നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായ വീട് വാസയോഗ്യമാക്കൽ (77/19-20, 82/19-20, 90/19-20, 154/19-20) പദ്ധതികളിൽ ഗുണഭോക്താക്കളുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്ന പ്രക്രിയ പൂർത്തീകരിക്കപ്പെടുന്നില്ല. എല്ലാ അപേക്ഷകളുടെ കൂടെയും ₹200/- മുദ്രപത്രം ഹാജരാക്കുന്നുണ്ടെങ്കിലും, ഉടമ്പടി വ്യവസ്ഥകൾ രേഖപ്പെടുത്തുന്നില്ല. ഓഡിറ്റ് എൻക്വയറി (16/26.7.21) നൽകിയതിനെ തുടർന്ന് കരാർ ഉടമ്പടി പൂരിപ്പിക്കുകയുണ്ടായി. നിയമാനുസൃത കരാർ ചമയ്ക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ പ്രഥമ പരിഗണന നല്കേണ്ടതാണ്.

1-31 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ –ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ് –മൂർക്കനിക്കര

പ്രോജ്കട് 62/19-20

മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ ആദിത്യൻ രഘു, നീരജ് ബാബു, മേഘ പി എസ്, ഹരികൃഷ്ണ എന്നീ 4 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ആർട്കോയിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി 20000/- രൂപ (ബിൽ നം 72/21.3.20) ചെലവഴിച്ചിട്ടുണ്ട്.

ജി.ഒ. (എം.എസ്.)നം.22/2018/ത.സ്വ.ഭ.വ തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7 പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണ്ണിച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ആയത് സംബന്ധിച്ച സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി (നം.15 തിയതി.26.7.21) നൽകിയതിനെ തുടർന്ന് 2019-20, 2020-21 വർഷങ്ങളിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് ഫർണിച്ചർ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല എന്നുള്ള പട്ടികജാതി വികസന വകുപ്പിന്റെ സാക്ഷ്യപത്രമാണ് മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. ഇത് അംഗീകരിക്കുന്നില്ല.

ഫർണിച്ചർ കൈപ്പറ്റിയ മേൽ പറഞ്ഞ വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-32 കരാറുകാരന് അധിക തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 2019-20ൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 6/20, പ്രോജക്ട് നമ്പർ 251/20 സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി - വേതനം എന്ന പേരിൽ രണ്ടുപദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിനായി, ഗ്യാരണ്ടി, വാറണ്ടി എന്നിവ രേഖപ്പെടുത്തണമെന്നും, നികുതികൾ ഉൾപ്പെടെയുള്ള നിരക്ക് ക്വാട്ട് ചെയ്യണമെന്നും, ഇലക്ട്രിക്കൽ പ്രവർത്തികൾ ചെയ്യാൻ അംഗീകാരമുള്ളവരായിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 31-5-2019 ൽ ക്വട്ടേഷൻ വിളിക്കുകയും (A1-8585/17), 3 പേർ പങ്കെടുക്കുകയും ചെയ്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കുകളായ സിംഗിൾ ട്യൂബ് റിപ്പയർ 340 രൂപ, ഡബിൾ ട്യൂബ് 290 രൂപ,
എൽ ഇ ഡി ബൾബ് 190 രൂപ ക്വാട്ട് ചെയ്ത ശ്രീ.പി.സോമസുന്ദരത്തിന്റെ ക്വട്ടേഷൻ 25-6-2019 ലെ 1/7ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് പ്രവർത്തി ഏൽപ്പിച്ചു നൽകുകയും ചെയ്തു. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെചേർക്കുന്ന അപാകതകൾ കാണുന്നു.

1. കരാറുകാരൻ മുദ്രപേപ്പർ വാങ്ങി നൽകിയെങ്കിലും, വ്യവസ്ഥകൾ രേഖപ്പെടുത്തി കരാർ ഒപ്പിട്ടിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് കംപ്ലൈന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. കരാറുകാരൻ ഓരോമാസവും റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള കണക്ക് നൽകുന്നുണ്ടെങ്കിലും, ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഓരോ പദ്ധതിയിലും ചെലവഴിച്ചിരിക്കുന്ന ആകെ തുകയെത്രയെന്നോ, ഇതുമായി ബന്ധപ്പെട്ട ബില്ലുകളും, വൗച്ചറുകളും പൊരുത്തപ്പെടുത്തി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. എല്ലാ നികുതികളുമുൾപ്പെടെയുള്ള നിരക്ക് ക്വാട്ട് ചെയ്തതുപ്രകാരമാണ് കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചതെങ്കിലും, 6/2019ലെ ബില്ലിലൊഴികെ, കരാറുകാരൻ ക്വാട്ടു ചെയ്ത നിരക്കിന് പുറമെ 18% കേന്ദ്ര-സംസ്ഥാന ചരക്കുസേവനനികുതി കൂടി ഉൾപ്പെടുത്തിയ ബില്ലാണ് നൽകിയത്. ഇത് ക്വട്ടേഷൻ വ്യവസ്ഥയ്ക്ക് വിരുദ്ധമാണോയെന്ന് പരിശോധിക്കാതെ മുഴുവൻ തുകയും അനുവദിച്ചതായിട്ടാണ് കാണുന്നത്. ഫയലിലുള്ള രേഖകൾ പ്രകാരം, രണ്ടു പദ്ധതികളിലൂടെയുമായി 86114 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.

ഫയലിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു

തുക

1. പ്രോജക്ട് നമ്പർ 6/20 അടങ്കൽ 4,50,000. ചെലവ് 446708

ക്രമ നമ്പർ	ബിൽ നമ്പർ	തുക
1	ചെക്ക് 21900399/23-7-2019	34580
2	114/19-20 /20-8-2019	75036
3	18/19-20 /30-9-2019	78956
4	ചെക്ക് 21900574/7-9-2019	15420
5	23/19-20 /25-10-2019	111558
6	35/19-20 /19-12-2019	131158
		446708

367752 രൂപയുടെ ബില്ലുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്. ട്രഷറി ബിൽ നമ്പർ 18/19-20 /30-9-2019 പ്രകാരം പിൻവലിച്ച 78956 രൂപയുടെ ബില്ല് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

കരാറുകാരൻ സമർപ്പിച്ചതായി കാണുന്ന ബില്ലുകൾ

ക്രമ നമ്പർ	റിപ്പയർ ചെയ്ത മാസം	ഇൻവോയ്സ് നമ്പർ	ഇനം	എണ്ണം നിരക്ക്	തുക	18% GST	ആകെ തുക
1	6/2019		LED Bulb	182x190	34580	-	34580
2	7/2019	1/1-7-19	LED Bulb	315x190	59850		
			Double Tube	11x340	3470	11446	75036
3	8/2019	1/	LED Bulb	412x190	78280		
			Double Tube	5x340	1700	15196	95176
4	9/2019	2/1-9-19	LED Bulb	494x190	93860		
			Double Tube	2x340	680	17018	111558
5	10/19	3/1-10-19	LED Bulb	585x190	111150	20008	131158
ആകെ						63668	447508

2. പ്രോജക്ട് നമ്പർ 251/20 അടങ്കൽ 1,50,000. ചെലവ് 80248

ക്രമ നമ്പർ	ബിൽ നമ്പർ	തുക

1	55/19-20 /26-3-20	27786
2	53/19-20 /26-3-20	13676
3	50/19-20 /26-3-20	38786
	ആകെ	80248

കരാറുകാരൻ സമർപ്പിച്ചതായി കാണുന്ന ബില്ലുകൾ

ക്രമ നമ്പർ	റിപ്പയർ ചെയ്ത മാസം	ഇൻവോയ്സ് നമ്പർ	ഇനം	എണ്ണം നിരക്ക്	തുക	18% GST	ആകെ തുക
1	1/20	6/1-1-20	LED Bulb	417x190	79230		
			Double Tube	3x340	1020	14444	94694
2	2/20	7/1-2-20	LED Bulb	173x190	32870	5916	38786
3	2/20		LED Bulb	61x190	11590	2086	13676
ആകെ						22446	147156

കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിന് പുറമെ ചരക്ക് സേവന നികുതി 86114 രൂപ (63668 + 22446) അനുവദിച്ചത് തെറ്റായ നടപടിയാണ്. ഈ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തന്ന മറുപടിയിൽ 2019-20 ൽ ആകെ 653133 ഇതിൽ 16143 മാത്രമാണ് അനർഹമായി നൽകിയതെന്നുമാണ് വ്യക്തമാക്കിയിരിക്കുന്നത്. 2019-20 ലെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചെലവ് 526956 രൂപ മാത്രമാണ്. ഇതിൽ 448000 രൂപയുടെ (367752 + 80248) ബില്ലുകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. തന്നിരിക്കുന്ന മറുപടി പ്രകാരം 205133 രൂപയുടെ ബില്ലുകളും വൗച്ചറുകളും ഇനിയും ഓഡിറ്റിന് ഹാജരാക്കാനുണ്ട് എന്നാണ്. അതുപോലെതന്നെ 126177 രൂപയുടെ (653133 – 526956 = 126177) ചെലവുകൾ 2019-20 വർഷത്തെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നമാണ് കാണുന്നത്.

പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും ഫയലിൽ സൂക്ഷിച്ച്, ഓഡിറ്റിന് ഹാജരാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ്. ട്രഷറി ബിൽ നമ്പർ 18/19-20 /30-9-2019 പ്രകാരം പിൻവലിച്ച 78956 രൂപയുടെ ബില്ല്, മറുപടിയിൽ പരാമർശിച്ചിരിക്കുന്ന 94612, 66908, 36320, 7293 എന്നീ തുകകൾ കരാറുകാരന് നൽകിയതിന്റെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതോടൊപ്പം, കരാറുകാരന് എത്ര തുക അധികമായി നൽകിയെന്ന് കണ്ടെത്തി ഉത്തരവാദിയായവരിൽ നിന്നും തിരിച്ചുപിടിച്ച്, കണക്കുകളും രേഖകളും സഹിതം, ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-33 വനിതകൾക്ക് കറവ പശു വളർത്തൽ പദ്ധതി - സബ്സിഡി നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ല

പ്രോജക്ട് - വനിതകൾക്ക് കറവ പശു വളർത്തൽ പദ്ധതി ജനറൽ (22/2019-20)

നിർവ്വഹണം - വെറ്ററിനറി സർജൻ

അടങ്കൽ തുക & ചെലവ് - 2200000 (വികസന ഫണ്ട് 1100000 + വായ്പ 1100000)

വനിതകൾക്ക് തൊഴിൽ നേട്ടത്തിന് വേണ്ടി രൂപീകരിച്ച പദ്ധതിയാണ്. ഗുണഭോക്തൃ വിഹിതമായി 25000/- രൂപ ലോണായി എടുക്കുകയും, സബ്സിഡി തുക 25000/- രൂപ ലോൺ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, 50000/- രൂപ വിലയുള്ള പശുവിനെ വാങ്ങുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി 23/7/2019 ൽ വെറ്ററിനറി സർജന് നൽകിയ കത്തിൽ 44 ഗുണഭോക്താക്കൾക്ക് ബാങ്കിൽ നിന്നും കറവ പശു വളർത്തൽ പദ്ധതിയ്ക്ക് വായ്പ നൽകാൻ സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിന്റെ 10720011544 അക്കൗണ്ടിലേക്ക് സബ്സിഡി തുകയായ (44 X 25000) 1100000/- രൂപ ബിൽ നമ്പർ P2/19-20/16.8.2019 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗരേഖ സ.ഉ (കൈ)നം. 22/2018 /ത സ്വ ഭ വ തീ.14/2/2018 ഖ.6.2 കുറിപ്പ് 3 ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം, പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതി നേരിട്ട് കറവപ്പശുക്കളെ വാങ്ങിയിട്ടില്ലയെന്നും ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയും നിർവഹണ ഉദ്യോഗസ്ഥൻ പ്രായം, ഗുണനിലവാരം എന്നിവ സർട്ടിഫൈ ചെയ്ത് നൽകുകയുമാണ് ചെയ്തിട്ടുള്ളത് എന്നാണ് ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ കറവപ്പശുക്കളെ വാങ്ങുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം വാങ്ങൽ നടത്തുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (6/21-07-21) മറുപടിയിൽ 21/10/19 ൽ ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റിയോടൊപ്പം ചേർന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കളുടെ മീറ്റിങ്ങ് മിനിറ്റ്സിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതി രൂപീകരിച്ചതിന്റെ തീരുമാനം രേഖപ്പെടുത്തി കാണുന്നു. ടി സമിതി പശുക്കളെ വാങ്ങേണ്ടത് നടത്തറ ഒഴികെയുള്ള പഞ്ചായത്തിൽ നിന്ന് എന്നും തീരുമാനിച്ച് കാണുന്നു. എന്നാൽ തീരുമാനത്തിൽ സമിതി നേരിട്ടാണോ ഗുണഭോക്താക്കൾ നേരിട്ടാണോ എന്ന് വ്യക്തമാക്കിയിട്ടില്ല. മാത്രമല്ല ഗുണഭോക്താക്കൾ ഉൾപ്പെട്ട സമിതിയുടെ

തീരുമാനം പഞ്ചായത്ത് പർച്ചേസ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടുമില്ല.

2. സബ്സിഡി മാർഗരേഖ സ.ഉ (കൈ)നം. 22/2018 /ത സ്വ ഭ വ തീ. 14/2/2018 ഖ.6.2 കുറിപ്പ് 5 ൽ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ ഈ പദ്ധതി പ്രകാരം സബ്സിഡിതുക പൂർണമായും (1100000/-) മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലേക്കാണ് നൽകിയിട്ടുള്ളത്. ഉരുക്കളെ വിൽപ്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറി എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3. മൂർക്കനിക്കര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണം നടത്തുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം പദ്ധതി നടത്തുമ്പോൾ ഗുണഭോക്തൃസമിതി തീരുമാനങ്ങൾ വ്യക്തമായും കൃത്യമായും മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതുമാണ്. പശുക്കളെ വിൽപ്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കും വരെ സബ്സിഡി നൽകിയ 1100000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ ഫയലിൽ ഇവർ ആരിൽ നിന്ന് പശുക്കളെ വാങ്ങി, ഡോക്ടറുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഗുണഭോക്താവിന്റെ പേര്	റിമാർക്സ്
മാധവി തലോക്കാരൻ	ആരിൽ നിന്ന് വാങ്ങി സംബന്ധിച്ച വിവരം ലഭ്യമല്ല
പുഷ്പ ആനന്ദൻ	”
ഷിനി ഗോപാലകൃഷ്ണൻ	ആരിൽ നിന്ന് വാങ്ങി, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല
മോളി രജി	”
നളിനി ബാബു	ആരിൽ നിന്ന് വാങ്ങി സംബന്ധിച്ച വിവരം ലഭ്യമല്ല
അമ്മിണി അയ്യപ്പൻ	ആരിൽ നിന്ന് വാങ്ങി സംബന്ധിച്ച വിവരം ലഭ്യമല്ല
പത്മാവതി തച്ചംപുള്ളി	ആരിൽ നിന്ന് വാങ്ങി, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രൊജക്റ്റിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	10,00,000	ഗ്രൗണ്ട് വിപുലീകരണം	792922	207078 (തിരിച്ചടച്ചു)
ബ്ലോക്ക് പഞ്ചായത്ത്	12,30,000	ഞാറക്കുറ പാടശേഖരത്തിലെ ചാൽ കെട്ടി സംരക്ഷിക്കൽ	12,30,000	0
ബ്ലോക്ക് പഞ്ചായത്ത്	10,00,000	അങ്കണവാടി നിർമ്മാണം	0	10,00,000

ബ്ലോക്ക് പഞ്ചായത്ത്	2,00,000	നെൽക്കൃഷിയ്ക്ക് കൂലിച്ചെലവ്	2,00,000	0
ബ്ലോക്ക് പഞ്ചായത്ത്	2,50,000	പച്ചക്കറി കൃഷി വികസന പദ്ധതി	2,50,000	0
ബ്ലോക്ക് പഞ്ചായത്ത്	3,36,793	അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി – ജനറൽ	3,36,793	0
ബ്ലോക്ക് പഞ്ചായത്ത്	26,22,900	ലൈഫ് മിഷൻ ഭവന നിർമ്മാണം – ജനറൽ	10,86,663	15,36,237
ബ്ലോക്ക് പഞ്ചായത്ത്	3,00,000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	3,00,000	0
ബ്ലോക്ക് പഞ്ചായത്ത്	1,92,000	ലൈഫ് മിഷൻ ഭവന നിർമ്മാണം - എസ് ടി	1,92,000	0
ബ്ലോക്ക് പഞ്ചായത്ത്	1,00,000	ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി	1,00,000	0
ബ്ലോക്ക് പഞ്ചായത്ത്	5,00,000	മണലിപ്പുഴ സംരക്ഷണം	0	5,00,000
ജില്ലാ പഞ്ചായത്ത്	75,000	ക്യാമറ സ്ഥാപിക്കൽ	0	75,000 (തിരിച്ചടച്ചു)
ജില്ലാ പഞ്ചായത്ത്	3,00,000	പെയിൻ & പാലിയേറ്റീവ്	0	3,00,000 (തിരിച്ചടച്ചു)
ജില്ലാ പഞ്ചായത്ത്	2,00,000	അങ്കണവാടി ന്യൂട്രീഷൻ – ജനറൽ	63,713	1,36,287
ജില്ലാ പഞ്ചായത്ത്	1,72,600	മണലിപ്പുഴ സമഗ്രവികസനം	1,69,468	3,132
ജില്ലാ പഞ്ചായത്ത്	2,42,800	പെയിൻ & പാലിയേറ്റീവ്	2,42,800	0
ജില്ലാ പഞ്ചായത്ത്	4,50,000	ക്ഷീര കർഷകർക്ക് സബ്സിഡി	4,50,000	0
ജില്ലാ പഞ്ചായത്ത്	74,073	അങ്കണവാടി ന്യൂട്രീഷൻ – ജനറൽ	74,073	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം. / ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	186/20, പോസ്റ്റ് ഷിഫ്റ്റിങ്ങ്	21901303/8.7.19 21901086/17.2.20 21900372/15.07.19	100000 26522 21957	0	148479
Cost Ford	160/20-ഫർണസ്സ് സ്ഥാപിക്കൽ-കൊഴുക്കുള്ളി ക്രിമറ്റോറിയം	21901294/1.7.2019	263251	0	263251

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ക്രമനം	കൺവീനറുടെ പേര്	ബിൽ / വൗച്ചർ നം / ചെക്ക് നം	തുക	അഡ്ജസ്റ്റ് ചെയ്തത്	ബാക്കി
ഇല്ല					

4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇഎംഎസ് ഭവന ലോൺ	1056/2010, തി.26.03.2010	88,57,313	12,16,313	800000		4,16,313
ഹഡ്കോ ലോൺ- ജനറൽ		3,20,000	61,85,326	5,58,824		59,46,502
ഹഡ്കോ ലോൺ- എസ് സി				58,824		

ലൈഫ് ജനറൽ വിഭാഗക്കാർക്ക് മാത്രമാണ് ഹഡ്കോയിൽ നിന്ന് ലോൺ എടുത്തിട്ടുള്ളത് എങ്കിലും ലൈഫ് ലോൺ തിരിച്ചടവായി എസ് സി പി അലോട്ട്മെന്റിൽ നിന്നും 58,824 രൂപ 2019-20 വർഷം കുറവ് ചെയ്തിട്ടുണ്ട്. ഈ തുകയും വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും കുറവ് ചെയ്ത 5,58,824 രൂപയും അടക്കം 6,17,648 രൂപ ഹഡ്കോ ലോൺ ബാധ്യതയിൽ നിന്നും കുറവ് ചെയ്ത് 58,87,678 രൂപയാണ് ലോൺ ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത്.

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീതി നം/ തിയ്യതി
2013-14	2 (2)	4600/-	വി.ഗണേഷ് ക്ലർക്ക് കാനറ ബാങ്ക്, നടത്തറ	11903010617 തിയ്യതി 27/06/2019

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2009-10	3-12	2002-03 മുതൽ 2016-17 വരെ	3-12	നെല്ലാനി തോടിൽ വിസിബി കളുടെ നിർമ്മാണം സംബന്ധിച്ച്	മറുപടി സമർപ്പിച്ചിട്ടുണ്ട്.
2014-15	2-1 അനുബന്ധം 3	2002-03 മുതൽ 2016-17 വരെ	2-1	വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച്	മറുപടി സമർപ്പിച്ചിട്ടുണ്ട്.
2015-16	അനുബന്ധം 5, പാര 2.4	2002-03 മുതൽ 2016-17 വരെ	2-4	തൊഴിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്	മറുപടി സമർപ്പിച്ചിട്ടുണ്ട്

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	6,17,33,856
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	6,23,38,343
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	11,00,000

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-35	11,00,000	ഡോ. ശരണ്യ, വെറ്ററിനറി സർജൻ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 1-32

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ശരണ്യ, വെറ്ററിനറി സർജൻ	വെറ്ററിനറി ഡിസ്പെൻസറി, നടത്തറ ഗ്രാമ പഞ്ചായത്ത്	പുളിയത്ത് വീട്, പൂവണി ക്ഷേത്രത്തിന് സമീപം, വിയ്യൂർ പി ഒ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1981-82	എൽ.എഫ്. ടി.എസ്.2-825/11 തീയതി.28.10.11/6.12.11
82-83	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
84-85	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
86-87, 87-88	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
88-89, 89-90, 91-92	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
91-92	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11

92-93, 93-94	എൽ.എഫ്.ടി.എസ്.2-825/11 തീയതി.28.10.11/6.12.11
94-95	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
95-96	എൽ.എഫ്.ടി.എസ്.2- 825/11 തീയതി.28.10.11/6.12.11
96-97 (ചെലവ്)	എൽ.എഫ്.ടി.11-893/99 തീയതി.19.4.99
96-97 (ഫൈനൽ)	എൽ.എഫ്. ടി.11-154/06 തീയതി.31.5.06
97-98 ചെലവ്	എൽ.എഫ്.ടി.893/99 തീയതി.19.4.99
97-98 ഫൈനൽ	എൽ.എഫ്.ടി.11-155/06 തീയതി.31.5.06
98-99 ചെലവ്	എൽ.എഫ്.ടി.11-662/00 തീയതി.1.9.00
98-99 ഫൈനൽ	എൽ.എഫ്.ടി.11- 1526/00 തീയതി.18.10.06
99-00,00-01, 01-02 പദ്ധതി ചെലവ്	എൽ.എഫ്.ടി.11- 1069/03 തീയതി.26.9.03
99-00 ഫൈനൽ	എൽ.എഫ്.ടി.11- 1527/06 തീയതി.20.10.06
00-01	എൽ.എഫ്.ടി.11-1683 തീയതി.4.10.08
01-02	എൽ.എഫ്.ടി.11- 2361/07 തീയതി.4.10.08
02-03	എൽ.എഫ്.ടി.11- 2370/07, തീയതി.4.10.08
03-04	എൽ.എഫ്.ടി.11- 1364/08 തീയതി.3.8.09
04-05	എൽ.എഫ്.ടി.11- 1365/08 തീയതി.3.8.09
05-06	എൽ.എഫ്.ടി.11- 1620/09 തീയതി.8.8.10
06-07	എൽ.എഫ്.ടി.11- 1621/09 തീയതി.18.8.10/31.1.11
07-08	എൽ.എഫ്.ടി(പി5) 370/11 തീയതി.11.3.11
08-09	എൽ.എഫ്. ടി(പി5) 371/11 തീയതി.15.3.11
09-10	എൽ.എഫ്.ടി(പി5) 372/11 തീയതി.15.3.11
10-11	എൽ.എഫ്. ടി(പി4) 710/12 തീയതി.18.9.12/2.3.13
11-12	എൽ.എഫ്. ടി(പി8) 1568/13 തീയതി.14.3.14/ 12.5.14
12-13	എൽ.എഫ്.ടി.പി.(പി8)379/ 14 തീയതി.12.1.15
13-14	കെ.എസ്.എ.ടി.എസ്.ആർ.(പി8)560/15 തീയതി.20.8.15/ 12.10.15
14-15	കെ.എസ്.എ.ടി.എസ്.ആർ.(പി8)1209/16 തീയതി.23.7.16
15-16	കെ.എസ്.എ.ടി.എസ്.ആർ (പി8) 2150/2016 തീയതി.16.12.16
16-17	കെ.എസ്.എ.ടി.എസ്.ആർ (പി8) 1194/ 2017 തീയതി.31.07.2017
17-18	കെ.എസ്.എ.ടി.എസ്.ആർ (പി8) 1331/ 2018 തീയതി.28.09.2018
18-19	കെ.എസ്.എ.ടി.എസ്.ആർ (പി.8)376/2020 തീയതി.18.05.2020

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ നടത്തറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്